# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4483 — 17/12/2014 -ൽ മറുപടിക്ക്

## ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.സത്യൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ ആലംകോട് മുല്ലശ്ശേരികുന്നിലുള്ള പമ്പിംഗ് സ്റ്റേഷനിലെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെയായി; പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ദൂരം, ഇതിനായുള്ള അടങ്കൽ തുക, ഈ പ്രവൃത്തിയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) ആലംകോട് മുല്ലശ്ശേരികുന്ന് മുതൽ തെറ്റിക്കുളം പമ്പ് ഹൗസ് വരെയുള്ള പൈപ്പ് ലൈൻ (600mm DI) 6300 മീറ്ററിൽ 5600 മീറ്ററും, 500 mm DI പൈപ്പ് ലൈൻ 2500 മീറ്ററിൽ 1900 മീറ്ററും പണി പൂർത്തിയായി. ബാക്കിയുള്ള പണികൾ പുരോഗമിക്കുന്നു. ഇതിനായുള്ള അടങ്കൽ തുക 960 ലക്ഷം രൂപയാണ്. ഈ പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് M/s. ടോംകോ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന കമ്പനിയാണ്. |
| (ബി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യൂ.ഡി റോഡ്, പഞ്ചായത്ത് റോഡ് എന്നിവ കട്ടിംഗിനായി ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്നും ദേശീയപാത കട്ട് ചെയ്യുന്നതിന് അനുമതി കിട്ടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) റോഡ് പുനരുദ്ധാരണ പണികൾക്കായി പി.ഡബ്ല്യൂ.ഡി റോഡിൽ 86 ലക്ഷം രൂപയും പഞ്ചായത്ത് റോഡിൽ അഞ്ചര ലക്ഷം രൂപയും മുനിസിപ്പാലിറ്റി റോഡിൽ പത്തൊമ്പതര ലക്ഷം രൂപയും ദേശീയപാത ബ്ലോക്കട്ട് ചെയ്യുന്നതിനായി 2.65 ലക്ഷം രൂപയും നൽകുകയുണ്ടായി. ദേശീയ പാത കുറുകെ കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിച്ച് കഴിഞ്ഞാൽ പുതിയതായി ഏതൊക്കെ പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളമെത്തിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിച്ച് കഴിഞ്ഞാൽ വർക്കല മുനിസിപ്പാലിറ്റിയിലും അതിന്റെ സമീപ പ്രദേശങ്ങളിലും ഒറ്റൂർ, മണമ്പൂർ, ഇടവ, ഇലകമൺ, നാവായിക്കുളം പഞ്ചായത്തുകളിലും ഇപ്പോൾ ഉണ്ടായിട്ടുള്ളകുടിവെള്ളക്ഷാമത്തിന് പരിഹാരമാകും. |

സെക്ഷൻ ഓഫീസർ

JSK/